**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2782** **22-01-2021 - ൽ മറുപടിയ്ക്ക്**

**കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | 24 കോടി രൂപ ചെലവഴിച്ച് 2019 ഡിസംബറിൽ കമ്മീഷൻ ചെയ്ത വേങ്ങര നിയോജകമണ്ഡലത്തിലെ കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന തരത്തിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ; | (എ) | 24 കോടി രൂപ ചെലവഴിച്ച് 2019 ഡിസംബറിൽ കമ്മീഷൻ ചെയ്ത വേങ്ങര നിയോജകമണ്ഡലത്തിലെ കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നത് ലക്ഷ്യമിട്ട് 9163 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള 1261 ലക്ഷം രൂപയുടെ പദ്ധതിക്ക് ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി രണ്ടു തവണ ദർഘാസ് ക്ഷണിച്ചിരുന്നുവെങ്കിലും ആരും പങ്കെടുക്കാത്തതുകാരണം നടപ്പിലാക്കാനായില്ല. തുടർന്ന് പ്രസ്തുത പദ്ധതി അഞ്ച് പ്രവൃത്തികളായി വിഭജിച്ച് ദർഘാസ് ക്ഷണിക്കുകയുണ്ടായി. ഇതിൽ 1832 കുടിവെള്ള കണക്ഷനുകൾ ഉൾപ്പെട്ട ഒരു പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ബാക്കി പ്രവൃത്തികൾക്കായി പുനർദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | ഗാർഹിക കണക്ഷനുകൾ നൽകുന്നതിനും മറ്റുപ്രവൃത്തികൾക്കുമായി റോഡ് കട്ട് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് തടസ്സമുന്നയിച്ചിട്ടുണ്ടോ; വകുപ്പുകൾ തമ്മിലുള്ള ചർച്ചയിലൂടെ പ്രസ്തുത തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ബി) | ഗാർഹിക കണക്ഷനുകൾ നൽകുന്നതിനും മറ്റുപ്രവൃത്തികൾക്കുമായി റോഡ് കട്ട് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ